പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:147 — 04/02/2013 - ൽ മറുപടിക്ക്

## മാതൃകാ മത്സ്യഗ്രാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തെ പതിനൊന്നു 'മത്സ്യഗ്രാമ'ങ്ങളെ 'മാതൃകാ മത്സ്യഗ്രാമ'ങ്ങളാക്കി മാറ്റുമെന്ന് സർക്കാരിന്റെ ഒരുവർഷ കർമ്മപരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (എ) സർക്കാരിന്റെ ഒരുവർഷ കർമ്മപരിപാടിയിൽ 'മാതൃകാ മത്സ്യഗ്രാമം' പദ്ധതിയിലെ ഭവന നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പദ്ധതിയുടെ ആദ്യഘട്ടത്തിൽ, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ഓരോ മത്സ്യഗ്രാമങ്ങളിലും പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിന് 2.5 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഇതിനായി 78.10 കോടി രൂപ പ്രോജക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റ് ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>ഭവന നിർമ്മാണത്തിനായി 2011-12 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) കേരള തീരദേശ വികസന കോർപ്പറേഷന് നൽകിയ 5 കോടി രൂപ ഇതുവരെയും ചെലവഴിച്ചിട്ടില്ല. |

(സി) പ്രസ്തുത 'മാതൃകാ മത്സ്യ ഗ്രാമ'ങ്ങൾ ഏതെല്ലാം; 'മത്സ്യ ഗ്രാമം' 'മാതൃകാ മത്സ്യഗ്രാമ' മായി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷം ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

(സി) സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിൽ താഴെപ്പറയുന്ന 32 മത്സ്യഗ്രാമങ്ങളിലാണ് മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്.

| ക്രമ നമ്പർ | മത്സ്യഗ്രാമം | ജില്ലയുടെ പേര് |
|---|---|---|
| 1 | 1. വലിയതുറ | തിരുവനന്തപുരം |
| | 2. ചെറിയതുറ | |
| | 3. കൊച്ചുതോപ്പ് | |
| | 4. വലിയതോപ്പ് | |
| 2 | 5. പുത്തൻതുറ | കൊല്ലം |
| | 6. നീണ്ടകര | |
| 3 | 7. വലിയഴീക്കൽ | ആലപ്പുഴ |
| | 8. തറയിൽക്കടവ് | |
| | 9. കള്ളിക്കാട് | |
| | 10. ആറാട്ടുപുഴ | |
| | 11. പതിയാങ്കര | |
| | 12. തൃക്കുന്നപ്പുഴ | |
| | 13. പല്ലന | |
| 4 | 14. ചെല്ലാനം | എറണാകുളം |
| | 15. മാറാവുകാട് | |
| | 16. കണ്ടക്കടവ് | |
| | 17. കണ്ണാമാലി | |
| | 18. ചെറിയകടവ് | |
| 5 | 19. കൈപ്പമംഗലം | തൃശ്ശൂർ |
| | 20. പൊയ്യ | |
| | 21. ആനാപ്പുഴ | |
| 6 | 22.ചീരൻ കടപ്പുറം | മലപ്പുറം |
| | 23. ഇടക്കടപ്പുറം | |
| | 24. ഓസാൻ കടപ്പുറം | |
| | 25. ഇളരൻ കടപ്പുറം | |
| | 26. പാണ്ട ക്കടപ്പുറം | |
| | 27. കോർമൻ കടപ്പുറം | |
| | 28. പുതിയ കടപ്പുറം | |

| | | |
|---|---|---|
| 7 | 29. മാറാട് | കോഴിക്കോട് |
| | 30. ബേപ്പൂർ | |
| 8 | 31. അഴീക്കോട് | കണ്ണൂർ |
| 9 | 32. അജാനൂർ | കാസർഗോഡ് |

മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണം മാത്രമേ ആരംഭിച്ചിട്ടുള്ളൂ. 2015 മാർച്ചിൽ പദ്ധതി കാലാവധി അവസാനിക്കുന്ന മുറയ്ക്കു മാത്രമേ പൂർണ്ണമായ തോതിൽ മത്സ്യഗ്രാമങ്ങൾക്കുണ്ടായ മാറ്റങ്ങൾ വിലയിരുത്താൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ